gulfmadhyamam
2014 നവംബർ 12 ● ബുധൻ



# മാണിക്കോത്ത് മുസ്തഫയുടെ കുടുംബത്തിന് ഒരുമ സഹായം കൈമാറി

**കുവൈത്ത് സിറ്റി:** കെ.ഐ.ജിയുടെ കീഴിലുള്ള ഒരുമ സാമൂഹികക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച കാസർകോട് ഹോസ്ദുർഗ് പള്ളിക്കര റാഷിദ് മൻസിലിൽ മാണിക്കോത്ത് മുസ്തഫയുടെ കുടുംബത്തിനുള്ള സഹായധനം കൈമാറി. രണ്ടു ലക്ഷം രൂപ കാഞ്ഞങ്ങാട് ജമാഅത്തെ ഇസ്‌ലാമി യൂനിറ്റ് പ്രസിഡൻറ് അബ്ദുറഹ്മാൻ മുസ്തഫയുടെ ഭാര്യക്ക് കൈമാറി. കെ.ഐ.ജി കേന്ദ്ര കമ്മിറ്റി അംഗം കെ. മൊയ്തു, പത്മനാഭൻ തൃക്കരിപ്പൂർ, മുത്തലിബ് പടന്ന, ഇബ്രാഹീം കാഞ്ഞങ്ങാട് എന്നിവർ സംബന്ധിച്ചു.